"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -പാറ്റൂർ-ചൂരക്കാട്ട് പാളയം റോഡ് വികസനം - എൽ.എ.ആർ. 470/10 നമ്പർ കേസ് - ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും കോടതിയിൽ നിക്ഷേപിച്ച തുക റിക്കുപ്പ് ചെയ്യുന്നതിനും ബാലൻസ് വിധിക്കടത്തുക ബന്ധപ്പെട്ട കക്ഷിക്ക് റിലീസ് ചെയ്യുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2121/2024/LSGD**　　**തീയതി, തിരുവനന്തപുരം, 06-11-2024**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 09/02/2024-ലെ എ3/1148/2015/ടിഡിഎ നമ്പർ കത്ത്.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 24/06/2024-ലെ DCTVM/1763/2024-K9 നമ്പർ കത്ത്.
3. സ.ഉ.(സാധാ) നം. 1379/2024/ത.സ്വ.ഭ.വ, തീയതി 29/07/2024.
4. സ.ഉ.(സാധാ) നം. 7220/2024/ധന തീയതി 28/09/2024.

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ട്പാളയം റോഡിന്റെ വികസനത്തിനായി തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 2355/4-ൽ ഉൾപ്പെട്ടതും ശ്രീ. തങ്കപ്പന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.34 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 470/10 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും കോടതിയിൽ നിക്ഷേപിച്ച 50,48,213/- രൂപയും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 58,94,046/- രൂപയും ഉൾപ്പടെ ആകെ 1,09,42,259/- രൂപ (ഒരു കോടി ഒൻപത് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി ഇരുന്നൂറ്റി അമ്പത്തിയൊമ്പത് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1), (2) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും, തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 470/2010 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും കോടതിയിൽ നിക്ഷേപിച്ച 50,48,213/- രൂപ (അമ്പത് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) റിക്കുപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 58,94,046/- രൂപ (അമ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി നാല്പത്തിയാറ് രൂപ മാത്രം) കക്ഷിയായ

ശ്രീ. തങ്കപ്പന് നൽകുന്നതിനുമായി ആകെ 1,09,42,259/- രൂപ (ഒരു കോടി ഒൻപത് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി ഇരുന്നൂറ്റി അമ്പത്തിയൊമ്പത് രൂപ മാത്രം) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (4) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 1,09,43,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ - ചൂരക്കാട്ട്പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നമ്പർ 2355/4-ൽ ഉൾപ്പെട്ടതും ശ്രീ. തങ്കപ്പന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.34 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 470/10 നമ്പർ കേസിൽ അടിയന്തര സാഹചര്യം പരിഗണിച്ച് ജില്ലാ കളക്ടറുടെ സസ്പെൻസ് അക്കൗണ്ടിൽ നിന്നും കോടതിയിൽ നിക്ഷേപിച്ച 50,48,213/- രൂപ (അമ്പത് ലക്ഷത്തി നാല്പത്തിയെട്ടായിരത്തി ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) 8674-00-101-99 എന്ന ശീർഷകത്തിലേക്ക് റികൂപ്പ് ചെയ്യുന്നതിനും ടി കേസിലെ ബാലൻസ് വിധിക്കടത്തുകയായ 58,94,046/- രൂപ (അമ്പത്തിയെട്ട് ലക്ഷത്തി തൊണ്ണൂറ്റിനാലായിരത്തി നാല്പത്തിയാറ് രൂപ മാത്രം) കക്ഷിയായ ശ്രീ. തങ്കപ്പന് (S/o മാധവൻ ആചാരി, റ്റി.സി. നം. 38/222, ചാല പി.ഒ., തൈക്കാട്, തിരുവനന്തപുരം) നൽകുന്നതിനുമായി ആകെ 1,09,42,259/- രൂപ (ഒരു കോടി ഒൻപത് ലക്ഷത്തി നാല്പത്തിരണ്ടായിരത്തി ഇരുന്നൂറ്റി അമ്പത്തിയൊമ്പത് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (4) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYAKUMARI P**

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. തങ്കപ്പൻ, S/o മാധവൻ ആചാരി, റ്റി.സി. നം. 38/222, ചാല പി.ഒ., തൈക്കാട്, തിരുവനന്തപുരം. (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (No. WCD-3/162/2024-Fin dated 07/10/2024).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,

ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/152 /2024/ത.സ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 07-11-2024 10:53:31

സെക്ഷൻ ഓഫീസർ